പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1400

21/03/2012-ൽ മറുപടിക്ക്

## ഇടുക്കി പെരിഞ്ചാൻകുട്ടിയിൽ ആദിവാസി കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ

ചോദ്യം

ശ്രീ.പി.കെ.ഗുരുദാസൻ :

ശ്രീ.ആർ.രാജേഷ്

ശ്രീ.രാജു എബ്രഹാം

ശ്രീ.ബി.സത്യൻ

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും

യുവജനകാര്യവും

കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ പെരിഞ്ചാൻകുട്ടിയിൽ ആദിവാസി കുടുംബങ്ങളെ കുടിയൊഴിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. 1/1/1977-ന് ശേഷം വന ഭൂമി കൈയ്യേറുന്നവരെ കുടിയൊഴിപ്പി-ക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശം ഉള്ളതാണ്. ആദിവാസി പുനരധിവാസ മിഷന്റെ ആഭിമുഖ്യത്തിൽ ചിന്നക്കനാലിൽ പുനരധിവസിപ്പിച്ച 24 കുടുംബങ്ങളിലെ 35 പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച ഭൂമിയിലെ വന്യമൃഗങ്ങളുടെ ശല്യം നിമിത്തം പെരിഞ്ചാംകുട്ടിയിലെ വനഭൂമി 2008 സെപ്റ്റംബറിൽ കൈയ്യേ-റിയിരുന്നു. വനം വകുപ്പ് കൈയ്യേറ്റം ഒഴിപ്പിച്ചതിനെ തുടർന്ന് 12/9/2008-ൽ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ഇവരെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വാത്തിക്കുടിയിലെ കെട്ടിടത്തിൽ താൽക്കാലികമായി പുനരധിവസിപ്പിച്ചിരുന്നു. ശ്രീ.രാമൻ രാജൻ കോലയ്യന്റെ നേതൃത്വത്തിൽ 16/1/2009-ന് രാത്രി 10 മണിക്ക് |
| (ബി) | കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് പകരം യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | അധികാരികളുടെ അറിവോ സമ്മതമോ കൂടാതെ ടിയാളുകൾ ടി കെട്ടിടത്തിൽ നിന്നും വിട്ടുപോകുകയും പെരിഞ്ചാംകുട്ടിയിലെ സ്ഥലം വീണ്ടും കൈയ്യേറുകയുമാണുണ്ടായത്. കൈയ്യേറ്റക്കാർക്ക് കൈയ്യേറ്റഭൂമി പതിച്ചുനൽകും എന്ന ധാരണയിൽ ഇവർക്ക് പിന്നാലെ ഇടുക്കി ജില്ലയിലും സമീപജില്ലയിലുമുള്ള പട്ടികവർഗ്ഗക്കാർ വ്യാപകമായി പെരിഞ്ചാൻകുട്ടി വനഭൂമി തുടർന്ന് കൈയ്യേറുകയുണ്ടായി. ഇവർക്ക് എല്ലാം തന്നെ സ്വന്തമായി ഭൂമി ഉള്ളവരാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയതായി വനം വകുപ്പ് അധികൃതർ അറിയിച്ചിട്ടുണ്ട്.<br>ഉപേക്ഷിക്കപ്പെട്ട പെരിഞ്ചാംകുട്ടി ജലവൈദ്യുത പദ്ധതിയുടെ ക്യാച്ച്മെന്റ് ഏരിയായിൽപ്പെട്ടിരുന്ന റവന്യൂഭൂമിയോട് ചേർന്നുള്ള റിസർവ് വനഭൂമിയാണ് ഇവർ വീണ്ടും കൈയ്യേറിയിരിക്കുന്നത്. ചിന്നക്കനാലിൽ പ്ലോട്ടുകൾ അനുവദിച്ച് വന്യമൃഗങ്ങളുടെ ശല്യം മൂലം ഒഴിഞ്ഞുപോയിരുന്ന 18 കുടുംബക്കാരുടെ കുടിലുകൾ പകരം ഭൂമി കണ്ടെത്താത്ത സാഹചര്യത്തിൽ പെരിഞ്ചാൻകുട്ടിയിൽ നിലനിർത്തിയിട്ടുണ്ട്. ഇവരിൽ 6 കുടുംബക്കാർ WP (C) 88/4/2010(B) പ്രകാരം ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. കൈയ്യേറ്റക്കാർക്ക് വനാവകാശ- രേഖയ്ക്കോ പട്ടയത്തിനോ പുനരധിവാസത്തിനോ അർഹതയില്ല. |
| (സി) | ആദിവാസി സ്ത്രീകളെയും കുട്ടികളേയും മർദ്ദിച്ചും കൃഷി ദേഹണ്ഡങ്ങൾ നശിപ്പിച്ചും വീട്ടുപകരണങ്ങൾ കൊള്ളയടിച്ചുമാണ് കുടിയൊഴിപ്പിക്കൽ നടപ്പാക്കിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (സി) | വനം വകുപ്പിന്റെആഭിമുഖ്യത്തിലാണ് കുടി ഒഴിപ്പിച്ചത്. ആക്ഷേപം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ എത്ര കുടുംബങ്ങളെ കുടി ഒഴിപ്പിച്ചിട്ടുണ്ടെന്നും റിമാന്റ് ചെയ്യപ്പെട്ട ആദിവാസികൾ എത്രയെന്നും വെളിപ്പെടുത്തുമോ? | (ഡി) | 50 കുടുംബങ്ങളിലെ 62 പേരെ കുടിയൊഴിപ്പിക്കുകയും ടി ആളുകളെ റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. എല്ലാവർക്കും ജാമ്യം ലഭിച്ചിട്ടുണ്ട്. ടി കുടുംബങ്ങൾ താമസിക്കുന്ന 50 ഷെഡുകളും ആൾ താമസമില്ലാത്ത 16 ഷെഡുകളും പൊളിച്ചു നീക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ